(ബി) രാവിലെ 6.15ന് 'ഷീല' എന്ന ഒരു പ്രൈവറ്റ് ബസ് സർവ്വീസ് നടത്തിയിരുന്നത് നിറുത്തലാക്കിയതിനുപകരം ട്രാൻസ് പോർട്ട് ബസ് സർവ്വീസ് നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് എത്രയും പെട്ടെന്നുതന്നെ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കിളിമാന്നൂർ—ആറ്റിങ്ങൽ റൂട്ട് ഒരു പൂർണ്ണ ദേശസാൽകൃത റൂട്ടല്ല. പൂർണ്ണ ദേശസാൽകൃത റൂട്ടുകളിലെ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുക എന്നതാണ് കോർപ്പറേഷന്റെ നയം കൂടാതെ നിർദ്ദിഷ്ട റൂട്ടിൽ ആവശ്യാനുസരണം പ്രൈവറ്റ് ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) വാഹനങ്ങളുടെ ദൗർലഭ്യംമൂലം അടിയന്തിര നടപടികൾ സ്വീകരിക്കാൻ തൽക്കാലം നിവർത്തിയില്ല.

തൃശ്ശൂർ—പാലപ്പിള്ളി റൂട്ട്

1237 [1978] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ—പാലപ്പിള്ളി റൂട്ട് ദേശവൽക്കരിക്കുവാൻ നടപടികൾ എടുക്കാമോ?

ഉത്തരം

നടപടികൾ എടുക്കുന്നുണ്ട്. 20.11.73-ലെ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച കോർപ്പറേഷന്റെ പ്രാഥമിക നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം—തൃശ്ശൂർ നാഷണലൈസേഷൻ സ്കീമിലെ 91 റൂട്ടുകളിൽ തൃശ്ശൂർ—പാലപ്പിള്ളി റൂട്ടും ഉൾപ്പെടുന്നു.

ചേർത്തല താലൂക്കിലെ ഉപഷാപ്പുകൾ

1238 [1979] ശ്രീ ടി.കെ. രാമകൃഷ്ണൻ:

,, എൻ. വാസുദേവപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഷാപ്പ് കോൺട്രാക്ടർമാർ വ്യവസ്ഥ ലംഘിച്ചുകൊണ്ട് ഉപഷാപ്പുകൾ നടത്തുന്നതായി പരാതി കിട്ടിയിട്ടുണ്ടോ;

(ബി) അനധികൃതമായി ഇങ്ങനെ ഉപഷാപ്പുകൾ നടത്തുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) മദ്യഷാപ്പുകൾ അനധികൃതമായി നടത്തുന്നു എന്നുള്ള പരാതികൾ ഉണ്ടാകുന്നതിനു മുൻപുതന്നെ അത്തരം ഷാപ്പുകൾ കണ്ടെത്തി അവ ഉടനടി നിറുത്തൽ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യോത്തര സമയം കഴിഞ്ഞു.

II. [ശദ്ധ ക്ഷണിക്കൽ

[പാലക്കാട് ജില്ലയിൽ ശുദ്ധജലദൗർലഭ്യം മൂലമുണ്ടായ ഗുരുതരാവസ്ഥ

ശ്രീ. സി. വാസുദേവമേനോൻ: സർ, പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി മലപ്രദേശങ്ങളിൽ കിടക്കുന്ന പഞ്ചായത്തുകളാണ് എലവഞ്ചേരി, കൊല്ലങ്കോട്, വടവന്നൂർ, മുതലമട, പല്ലശ്ശന എന്നീ പ്രദേശങ്ങളിൽ ധാരാളം പഞ്ചായത്ത് കിണറുകൾ കുഴിച്ചിട്ടുണ്ട്. ഈ കിണറുകളെല്ലാം മലയോരപ്രദേശങ്ങളിലായതുകൊണ്ട്, അടിഭാഗം മുഴുവൻ പാറയായതുകൊണ്ട് വേനൽക്കാലത്ത് കുടിക്കുവാനുള്ള വെള്ളം കിട്ടുന്നതിന് വളരെയേറെ പ്രയാസമുണ്ട്. രാത്രികാലങ്ങളിൽ മൈലുകളോളം ദൂരം നടന്നുചെന്ന് സ്ത്രീകൾ വെള്ളം മോഷണം നടത്തിക്കൊണ്ടുവന്നാണ് കുടിക്കുവാൻ ഉപയോഗിക്കുന്നത്. ഈ കാര്യം ഗവൺമെൻറിൻെറ ശദ്ധയിൽപെടുത്തിയിട്ട് സുമാർ പത്ത് പന്ത്രണ്ട് വർഷത്തോളമായി. ഈ കാര്യത്തിനുവേണ്ടി ഗവൺമെൻറ് ആദ്യമായി 7 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചു. മൂന്നുകൊല്ലം കഴിഞ്ഞതിനു ശേഷം ഡാമിൽനിന്നും വെള്ളം സപ്ലൈ ചെയ്യുന്നതിന് വേണ്ടി 22 ലക്ഷം രൂപയുടെ പുതുക്കിയ ഒരു പദ്ധതി രൂപീകരിച്ചു. ഇതിനെക്കുറിച്ച് വീണ്ടും നിവേദനം കൊടുത്തപ്പോൾ പറഞ്ഞു, ചിറ്റൂർ–തത്തമംഗലത്തു നിന്നും നീട്ടാൻ വഴിയുണ്ടോയെന്ന് പരിശോധിക്കട്ടെ എന്ന്. അത് കഴിഞ്ഞ് വീണ്ടുമൊരു നിവേദനം കൊടുത്തപ്പോൾ പറഞ്ഞു, പോത്തുണ്ടിയിൽനിന്നും നെൻമാറയിലേക്ക് നീട്ടാൻ വഴിയുണ്ടോയെന്ന് നോക്കട്ടെ എന്ന്. 1973 മാർച്ച് മാസത്തിൽ റൂറൽ ഡവലപ്പ്മെൻറ് ബോർഡ് 25 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചു. ഈ കാര്യത്തിൽ മെയിൻറനൻസിൻെറ ചെലവ് പഞ്ചായത്തുകൾ വഹിക്കുവാൻ തയ്യാറുണ്ടോയെന്ന് ചോദിച്ചു. തയ്യാറാണെന്ന് പഞ്ചായത്തുകൾ പറഞ്ഞു. അതുപോലെതന്നെ മൂലധനച്ചെലവിൻെറ ഒരു ഭാഗം വഹിക്കുവാൻ തയ്യാറുണ്ടോയെന്ന് ചോദിച്ചു. അതിനും തയ്യാറാണെന്ന് പറഞ്ഞു. ഇത്രയേറെ രൂക്ഷമായ ശുദ്ധജലക്ഷാമം ഉണ്ടായിട്ടും അതിനുള്ള യാതൊരു നടപടിയും എടുത്തുകാണുന്നില്ല. ശുദ്ധജലം കിട്ടാതെ മലിനജലം ഉപയോഗിക്കുന്നതുകൊണ്ട് കൊല്ലംതോറും പല പകർച്ചവ്യാധികളും അവിടെ ഉണ്ടാകാറുണ്ട്. ആ പ്രദേശത്ത് കാറിയിംഗ് നടത്തി ഗ്രൗണ്ട് വാട്ടർ കിട്ടാൻ സാദ്ധ്യതയുണ്ടോയെന്ന് വളരെ അടിയന്തിരമായി പരിശോധന നടത്തണം. ഞാനിക്കുന്ന വെള്ളമാണ് ജനങ്ങൾ ചോദിക്കുന്നത്. അല്ലാതെ സോഷ്യലിസം നടപ്പിലാക്കണമെന്നോ അഭിവൃദ്ധി പദ്ധതികൾ നടപ്പിലാക്കണം എന്നോ അല്ല അവിടെയുള്ള ആളുകൾ ആവശ്യപ്പെടുന്നത്. സാധാരണക്കാരായ നിരവധി ആളുകൾ പൊതുകിണറിൽനിന്നുമാണ് വെള്ളം എടുക്കുന്നത്. പൊതുകിണറിൽനിന്നും ധാരാളം ആളുകൾ വെള്ളം എടുക്കുന്നതുകൊണ്ട് വേനൽക്കാലത്ത് ആവശ്യത്തിനു മതിയായ ശുദ്ധജലം കിട്ടുകയില്ല. സ്വന്തമായി കിണർ കുഴിക്കുവാൻ സാധി

LIBRARY ARCHIVES Kerala Legislative Assembly